മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

56 [939] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനും വീട് വൈദ്യുതീകരിക്കുന്നതിനും ശുദ്ധജലം ലഭ്യമാക്കുന്നതിനും സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇതനുസരിച്ച് ഓരോ ഇനത്തിലും എത്ര തുക 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ ഗുണഭോക്താക്കൾക്കു ലഭിക്കുകയുണ്ടായി;

(സി) മേൽ പദ്ധതികൾ പ്രകാരം കണ്ണൂർ ജില്ലയിൽ ഏതെല്ലാം തീരദേശ മേഖലകളിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്;

(ഡി) കണ്ണൂർ ജില്ലയിലെ ഓരോ തീരദേശ ഗ്രാമത്തിലും എത്ര വീട് ലഭ്യമാക്കിയെന്നും എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്നും എത്ര വീടുകൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിച്ചു നൽകിയെന്നും എത്ര കുടുംബങ്ങൾക്ക് ശുദ്ധജല വിതരണ സൗകര്യം ലഭ്യമാക്കിയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഒരു പദ്ധതിയും, ശുദ്ധജലം ലഭ്യമാക്കുന്നതിന് ഒരു സംസ്ഥാനതല പദ്ധതിയും നിലവിലുണ്ട്. ഇവ കൂടാതെ മുൻവർഷം കേന്ദ്ര ഗവൺമെന്റ് ധനസഹായമായി അനുവദിച്ച 300 ലക്ഷം രൂപ ഉപയോഗിച്ച് 20 ശുദ്ധജല പദ്ധതികളുടെ പണി നടന്നുവരുന്നു. വീട് വൈദ്യുതീകരിക്കുന്നതിനും സാനിട്ടറി കക്കൂസുകൾ നിർമ്മിക്കാനും നിലവിൽ പദ്ധതിയില്ല.

(ബി) പദ്ധതിയുടെ പേരും ലഭ്യമായ തുകയും ചുവടെ ചേർക്കുന്നു:

പദ്ധതിയുടെ പേര്	ലഭ്യമാക്കിയ തുക ലക്ഷത്തിൽ		
	2001-02	2002-03	2003-04
1. ഭവന നിർമ്മാണ പദ്ധതി	800	178	600
2. ശുദ്ധജലവിതരണം	..	200	12
3. കക്കൂസ് നിർമ്മാണം	..	480	..
4. തീരജ്യോതി പദ്ധതി	50	..	..

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ ജില്ലയിലെ തീരദേശ മേഖലകളായ അഴീക്കോട്, മാട്ടൂൽ, ചാലിൽ ഗോപാലപ്പേട്ട, കുറിച്ചിയിൽ, പാലിശ്ശേരി, ചാലക്കോട്, കവ്വായി, പുതിയങ്ങാടി, തയ്യിൽ, കണ്ണൂർ സിറ്റി, എടക്കാട് എന്നീ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

തീരദേശങ്ങളുടെ പേര്	എത്ര വീടുകൾ ലഭ്യമാക്കി	എത്ര വീടുകൾ വൈദ്യുതീകരിച്ചു	എത്ര വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ചു		എത്ര കുടുംബങ്ങൾക്ക് ശുദ്ധജല വിതരണം
			ഡാനിഡ മോഡൽ സാനിട്ടേഷൻ	തീരസമൃദ്ധി സാനിട്ടേഷൻ	
അഴീക്കോട്	16	30	25	7	..
മാട്ടൂൽ	12	70	42	5	..
ചാലിൽ ഗോപാലപ്പേട്ട	18	..	..	12	200
കുറിച്ചിയിൽ	..	..	..	4	..
പുതിയങ്ങാടി	3	20	3	..	..
തയ്യിൽ	8	..	..	9	..
കണ്ണൂർ സിറ്റി	18	..	..	14	..
എടക്കാട്	17	70	23	20	..
പാലിശ്ശേരി	8	..	..	10	100
പാലക്കോട്	4	..	..	12	..
കവ്വായ്	9	10	5	5	..
ആകെ	113	200	98	98	300

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങൾ

57 [940] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഏതെല്ലാം തരത്തിലുള്ള എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുക്കാൻ ബാക്കി നിൽപ്പുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly